# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2372 17.08.2017-ൽ മറുപടിക്ക്

**<u>സമഗ്രമായ ചലച്ചിത്ര നയം</u>**

ചോദ്യം
ശ്രീ. എം.സ്വരാജ്

മറുപടി
ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് സമഗ്രമായ ഒരു ചലച്ചിത്ര നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ? | | ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ വിവിധ മേഖലകളുടെ സമഗ്രമായ പരിഷ്കരണത്തിനായി ഒരു 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ സിനിമാ മേഖലയിൽ പുതുതായി രൂപംകൊണ്ട 'വിമൺ ഇൻ സിനിമ കളക്റ്റീവ് ' എന്ന സംഘടനയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിന് ജസ്റ്റിസ് ശ്രീമതി കെ.ഹേമ അദ്ധ്യക്ഷയായി ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര നയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാവുന്നതാണ്. |

Sindhu

**സെക്ഷൻ ഓഫീസർ**